നോമ്പുകാലം
ആറാം ഞായർ




# നല്ല ഇടയനാവുക

(ഉൽ. 19:15 – 26; ജോഷ്വാ 21:43, 22:5; റോമ 14:13 – 23; യോഹ. 10:11 – 18)

ബ്ര. ആൽബിൻ ചെറുപ്ലാവിൽ MCBS

Vol. 11, Issue: 47

**ഈ**ശോമിശിഹായിൽ എത്രയും സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,

നോമ്പിന്റെ ആറാമത്തെ ആഴ്ചയിൽ തിരുസഭാ മാതാവ് വിചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നമുക്ക് നൽകിയ വചനഭാഗമാണ് നാം ഇപ്പോൾ കേട്ടത്. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ നല്ല ഇടയനാകാനുള്ള ക്ഷണം.

കൈയ്യിൽ കത്തിച്ച വിളക്കുമായി കാണാതായ കുഞ്ഞാടിനെ തേടിയിറങ്ങുന്ന, ആടിനെ കൈയ്യിലെടുക്കുന്ന, ആടുകൾക്കു മുമ്പേ നടക്കുന്ന വ്യത്യസ്തങ്ങളായ ചിത്രങ്ങൾ നല്ലിടയനെക്കുറിച്ചു കേൾക്കുമ്പോൾ നമ്മുടെയുള്ളിൽ തെളിഞ്ഞുവരും, ഇങ്ങനെ തന്റെ ആടുകളെ സ്നേഹിക്കുന്ന, ലാളിക്കുന്ന നല്ല ഇടയനെ യോഹന്നാന്റെ സുവിശേഷത്തിലും സമാന്തരസുവിശേഷത്തിലും നാം കണ്ടുമുട്ടുന്നു.

അന്നത്തെ കാലഘട്ടത്തിൽ യൂദയായും അതിന്റെ സമീപപ്രദേശങ്ങളും വളരെ വിശാലമായ മേച്ചിൽസ്ഥലങ്ങളുള്ളവയായിരുന്നു. ധാരാളം ആട്ടിൻപറ്റങ്ങളും അവയെ നയിക്കുന്ന ഇടയന്മാരും ഒരു പതിവു കാഴ്ചയായിരുന്നു. രാത്രികാലങ്ങളിൽ വന്യമൃഗങ്ങളിൽ നിന്ന് ആടുകളെ സംരക്ഷിക്കാനായി നാല് അതിരുകളിലും കൽമതിൽ കെട്ടിയ സങ്കേതസ്ഥലങ്ങളുണ്ടായിരുന്നു. ഇങ്ങനെയുള്ള സങ്കേതസ്ഥലങ്ങൾക്കൊക്കെ ഒരു കാവൽക്കാരനും ഉണ്ടായിരിക്കും. ഒരു സങ്കേതത്തിൽ തന്നെ പല ഇടയന്മാരുടെ ആടുകൾ രാത്രി ചിലവഴിച്ചിരുന്നു. ഈ സങ്കേതസ്ഥലങ്ങളിലേയ്ക്ക് പ്രവേശിക്കാനും പുറത്തുകടക്കാനും ഒരു വാതിൽ മാത്രമേ ഉള്ളൂ. പ്രഭാതമാകുമ്പോൾ ഓരോ ഇടയനും തങ്ങളുടെ ആടുകളെ പരിശീലിപ്പിച്ച പ്രത്യേകസ്വരം പുറപ്പെടുവിക്കും. ഈ സ്വരം തിരിച്ചറിയുന്ന ആട്ടിൻപറ്റം തങ്ങളുടെ ഇടയനരികിലേയ്ക്ക് ഓടിയെത്തും. പിന്നെ അവർ ഒരുമിച്ച് പുതിയ മേച്ചിൽസ്ഥലങ്ങൾ തേടി യാത്രയാകും. അന്നത്തെ ജനങ്ങൾക്ക് ഇത് വളരെ സുപരിചിതമായ കാഴ്ചയാണ്. ഇങ്ങനെ ആളുകൾക്ക് സുപരിചിതമായ കാര്യങ്ങൾ മുൻനിർത്തി യോഹന്നാൻ ഈശോയെ ഇടയനായി അവതരിപ്പിക്കുന്നു.

ഇന്നത്തെ സുവിശേഷത്തിൽ രണ്ട് വ്യക്തികളെയാണ് നാം പരിചയപ്പെടുക. 11-ാം വാക്യത്തിൽ ജീവൻ പോലും ആടുകൾക്കായി ത്യജിക്കാൻ തയ്യാറാകുന്ന നല്ല ഇടയനെയും 12,13 വാക്യങ്ങ

ളിൽ, അപകടം വരുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്ന കൂലിക്കാരനായ ഇടയനെയും. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവം നമുക്കു മുമ്പിൽ വച്ചുനീട്ടുന്ന രണ്ട് ജീവിതശൈലികളാണിവ. ഏത് തിരഞ്ഞെടുക്കണമെന്ന് നമ്മളാണ് തീരുമാനിക്കേണ്ടത്.

10-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്താണ് ഇടയന്റെയും ആടുകളുടെയും ഉപമയിലൂടെ ഈശോ തന്റെ ശുശ്രൂഷ എപ്രകാരമുള്ളതാകണമെന്ന് വ്യക്തമാക്കുന്നത്. 'ഞാനാണ് വാതിൽ' എന്ന ഈശോയുടെ പ്രഖ്യാപനം നാം കാണുന്നത് ഈ ഭാഗത്താണ്. തുടർന്നു വായിക്കുമ്പോൾ ഈശോ പറഞ്ഞുവയ്ക്കുന്ന മറ്റൊരു കാര്യം നാം കാണുന്നു - 'ഞാൻ നല്ല ഇടയനാണ്.' നാം ചിന്തിച്ചേക്കാം, എങ്ങനെയാണ് ഒരേ സമയം ഒരാൾക്ക് വാതിലും ഇടയനുമായിരിക്കാൻ സാധിക്കുക? വി. ക്രിസോസ്തോം പറഞ്ഞുവയ്ക്കുന്നു: "പിതാവിന്റെ പക്കൽ നമ്മെ കൊണ്ടുവരുമ്പോൾ അവിടുന്ന് തന്നെത്തന്നെ വാതിൽ എന്നു വിളിക്കുന്നു. എന്നാൽ, അവിടുന്ന് നമ്മെ പരിപാലിക്കുമ്പോൾ അവിടുന്ന് നമ്മുടെ ഇടയനുമായിരിക്കുകയും ചെയ്യും."

പ്രിയമുള്ള സഹോദരങ്ങളേ, സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ഈ യാത്രയിൽ ഇന്നത്തെ ഈ തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. ഈശോ നല്ല ഇടയൻ ആയിരുന്നതുപോലെ നമ്മളും നല്ല ഇടയന്മാരായിരിക്കാൻ വിളിക്കപ്പെട്ടവരാണെന്ന ബോധ്യം. ഇങ്ങനെ നല്ല ഇടയന്മാരായിരിക്കാൻ വിളിക്കപ്പെട്ട നമ്മൾ ശ്രദ്ധിക്കേണ്ട ഒന്നുരണ്ട് കാര്യങ്ങളുണ്ട്.

ഒന്നാമതായി ഇടയനാവുക എന്നതാണ്; സഹോദരങ്ങളോടും സഹജീവികളോടും കരുണ കാണിക്കുക. ഇന്നത്തെ ആദ്യവായനയിൽ ലോത്തിനും കുടുംബത്തിനും സംഭവിക്കുന്ന കാര്യങ്ങൾ നാം വായിച്ചുകേട്ടു. പാപവും മ്ലേച്ഛതയും നിറഞ്ഞ സോദോമിനെ ദൈവം നശിപ്പിക്കാനായി കടന്നുവരുമ്പോൾ ലോത്തിനോടും കുടുംബത്തോടും കരുണ കാണിക്കുന്ന ദൈവം. തുടർന്ന് നഗരത്തിനു പുറത്തേയ്ക്കും അവിടുന്ന് ചെറിയൊരു പട്ടണത്തിലേയ്ക്കും അവരെ നയിക്കുന്ന ദൈവം. പാപവും മ്ലേച്ഛതയും നിറഞ്ഞ സോദോമിൽ ലോത്ത് താമസിച്ചപ്പോൾ ലോകത്തിന്റെ സുഖങ്ങളിൽ മുഴുകി അവനും കുടുംബത്തിനും വേണമെങ്കിൽ ജീവിക്കാമായിരുന്നു. പക്ഷേ, ലോത്തിന്റെ കുടുംബമെടുത്ത തീരുമാനം മറിച്ചായിരുന്നു.

രണ്ടാമത്തെ കാര്യം, വാക്കുകളിൽ വിശ്വസ്തനായിരിക്കുക എന്നതാണ്. ഇസ്രായേലിനു നൽകുമെന്ന് പിതാക്കന്മാരോട് ദൈവം ചെയ്ത വാഗ്ദാനം അക്ഷരംപ്രതി നിറവേറുന്നത് ജോഷ്വായുടെ പുസ്തകത്തിൽ രണ്ടാം വായനയിലൂടെ നാം കണ്ടു. നാം ഏറ്റെടുക്കുന്ന പല കാര്യങ്ങളും വളരെ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കുകയും അതിനൊക്കെ ലൈക്കുകളും ഷെയറുകളും കിട്ടണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവരാണ് നമ്മിൽ പലരും. ഇവിടെ ചിന്തിക്കേണ്ട ഒരു കാര്യമുണ്ട്, ആരെയൊക്കെയോ കാണാൻ വേണ്ടി എന്തൊക്കെയോ ചെയ്തുകൂട്ടുന്നതിലല്ല മറിച്ച്, എന്നെ ഏൽപിച്ച കാര്യങ്ങൾ എത്രമാത്രം വിശ്വസ്തതയോടെയാണ് ഞാൻ ചെയ്യുന്നത് എന്നതാണ് കാര്യം.

മാമ്മോദീസാ എന്ന കൂദാശയിലൂടെ സ്വർഗ്ഗരാജ്യത്തിനുവേണ്ടി ജീവിക്കാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ നാം വായിച്ചുകേട്ടു: "നിന്റെ പെരുമാറ്റം മറ്റൊരുവനെ വേദനിപ്പിക്കുന്നുണ്ടെങ്കിൽ നിന്റെ പെരുമാറ്റം സ്നേഹത്തിനു ചേർന്നതല്ല." നമ്മൾ പറയുന്ന, ചെയ്യുന്ന കാര്യങ്ങളിൽ സ്നേഹവും നീതിയും വിശ്വസ്തതയുമില്ലെങ്കിൽ നല്ലൊരു ഇടയനായി മാറുന്നതിൽ നാം പരാജയപ്പെടും.

അതിനാൽ പ്രിയമുള്ള സഹോദരങ്ങളേ, ജീവദായകമായ ഈ ദിവ്യബലിയിൽ പങ്കെടുക്കുമ്പോൾ സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള നമ്മുടെ യാത്രയെക്കുറിച്ച് നമുക്ക് ചിന്തയുള്ളവരാകാം. എന്റെ ചിന്തകളും പ്രവർത്തികളുമാണ് എന്നെ ഇടയനാക്കി മാറ്റുന്നത്. കൂലിക്കാരനായ ഇടയനിൽ നിന്ന് നല്ല ഇടയനിലേയ്ക്കുള്ള അന്തരം കുറയുന്നത് എന്റെ സഹോദരങ്ങളോടും സഹജീവികളോടും കരുണയോടെയും വിശ്വസ്തതയോടെയും പെരുമാറുമ്പോഴാണ്. നമുക്കും പ്രാർത്ഥിക്കാം, കൈയ്യിൽ കത്തിച്ച വിളക്കുമായി ആടിനെ തേടിയിറങ്ങുന്ന, ആടിനെ കൈയ്യിലെടുക്കുന്ന നല്ല ഒരു ഇടയനാകുവാൻ കർത്താവേ, ഞങ്ങളെയും അനുഗ്രഹിക്കേണമേ. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.